No. of Printed Pages : 5

**3603**

Register Number

# Language — Part I — MALAYALAM — Paper I

300703

## (Poetry and Grammar)

Time : 3 Hours ] [ Maximum Marks : 100

**കുറിപ്പ് :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനുവേണ്ടി ചോദ്യപേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പമുണ്ടെങ്കിൽ ഉടൻ തന്നെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുന്നതിന് കറുപ്പോ നീലയോ മഷി ഉപയോഗിക്കുക.

**I. നാലെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും അഞ്ച് വരിയിൽ കവിയരുത്** 4x2=8

1. ബാലാമണിയമ്മയുടെ മാതൃത്വത്തെപ്പറ്റി എന്തറിയാം?
2. എങ്ങനെയുള്ള കവിയായിരുന്നു ഉണ്ണായിവാര്യർ?
3. വള്ളത്തോളിനെപ്പറ്റി ഒരു കുറിപ്പെഴുതുക.
4. എൻ.വി. കൃഷ്ണവാര്യരുടെ 'എന്റെ മൂന്നു വീടുകൾ' എന്ന കവിത ജീവിതത്തിലെ ഏതെല്ലാം അവസ്ഥകളെ സൂചിപ്പിക്കുന്നു?
5. എൻ.എൻ. കക്കാടിനെക്കുറിച്ച് ഒരു കുറിപ്പെഴുതുക.
6. എഴുത്തച്ഛനെക്കുറിച്ച് എന്തറിയാം?

**II. മൂന്നെണ്ണത്തിന് സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക.** 3x4=12

7. ദുർഗതിസാഗരേ മഗ്നനായ് വീഴുവാൻ
നിർഗ്ഗമിച്ചീടുന്നെന്നെ കരുണാത്മനാ
രക്ഷിച്ചു കൊള്ളേണമേ ശരണാഗത-
രക്ഷണം ഭൂഷണമല്ലോ മഹാത്മനാം

8. അനലനും നിൻ ഗുണങ്ങൾ കേൾക്കയാൽ
മദനാധിയിലെ വെന്തു നീറുന്നു
അവനിലിന്ധനമെന്നപോലവേ, ഇപ്പോൾ
അഭിമതയല്ലവനു സ്വാഹയും

9. ആ വരവിങ്കലുണർന്നു ചിരിപ്പൂ
പൂവുകൾ! - ഞങ്ങടെ സാക്ഷികളത്രേ
പൂവുകൾ! പോവുക നാമെതിരേൽക്കുക
നമ്മളൊരുക്കുക നാളെയൊരോണം!

[ Turn over

10. നൊന്തും, പരസ്പരം നോവിച്ചും, മൂപതി
റ്റാണ്ടുകൾ നീണ്ടൊരിയറിയാത്ത വഴികളിൽ
എത്ര കൊഴുത്ത ചവർപ്പു കുടിച്ചുവറ്റിച്ചു നാം
ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ !

11. ഉച്ചക്കു കുട്ടികൾ ഞെട്ടിത്തളരാത്ത
വിദ്യാലയങ്ങളുടെ നാടെവിടെ മക്കളേ?
കള്ളനാക്കില്ലാത്ത കൊള്ളിവാക്കില്ലാത്ത
കള്ളപ്പറയില്ലാത്ത നാടെവിടെ മക്കളേ ?

**III. മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും പത്ത് വരിയിൽ കവിയരുത്** 3x4=12

12. മുത്തശ്ശി തന്റെ മക്കളെ ഓർക്കുന്നതെങ്ങനെയെല്ലാമാണ് ?
13. സപ്തർഷികൾ വാത്മീകിക്ക് നൽകിയ ഉപദേശമെന്ത് ?
14. നാടിന്റെ ഏതെല്ലാം സൗഭാഗ്യങ്ങളാണ് ഇന്ന് നഷ്ടപ്പെട്ടത് ?
15. എന്ത് അപരാധമോർത്താണ് നളൻ മനസ്സ് നിയന്ത്രിച്ചത് ?
16. വീടായിട്ടാ വീടിനെയത്രേ കാൺമൂ — ഏതു വീടിനെയാണ് കവി ഇങ്ങനെ വിശേഷിപ്പിക്കുന്നത് ? എന്തുകൊണ്ട് ?

**IV. രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും ഓരോ പുറത്തിൽ കവിയരുത്.** 2x10=20

17. കാട്ടാളൻ വാത്മീകിയായ കഥ ചുരുക്കി വിവരിക്കുക.
18. 'നാടെവിടെ മക്കളേ' എന്ന കവിത നൽകുന്ന സന്ദേശമെന്ത് ?
19. നളനും ദമയന്തിയും തമ്മിലുള്ള സംഭാഷണം സംഗ്രഹിച്ചെഴുതുക.
20. എന്തായിരുന്നു കടൽ വിഴുങ്ങിയ മാഹാത്മ്യം?
21. 'സഫലമീ യാത്ര' എന്ന കവിതക്ക് ഒരാസ്വാദനമെഴുതുക.

V. താഴെ കൊടുത്തിട്ടുള്ള പദ്യ ഭാഗങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. 2x4=8

22. മുറ്റത്തു തണൽ നീർത്തി വിരിക്കും സ്വർണാശോകം
ചട്ടിയിൽ പൂമൊട്ടേന്തി വിരിക്കും സ്വർണാശോകം
വാഴമേൽ കുടപ്പനിൽ തേനുണ്ണും സൂചിമുഖി
വേലിമേൽ ചാടിച്ചാടിച്ചിലയ്ക്കുമണ്ണാർകണ്ണൻ

1. ഏതു പദ്യത്തിലെ വരികളാണിവ ?
2. ഇതെഴുതിയ കവി ആര് ?
3. എന്താണ് മുറ്റത്ത് തണൽ നീർത്തി ചിരിക്കുന്നത് ?
4. എന്താണ് വേലിമേൽ ചാടിച്ചാടി ചിലക്കുന്നത്?

23. താളം പിടിച്ചു തല കുലുക്കികൊണ്ടു
താഴ്വര ചൂഴും തരുക്കളെല്ലാം
ചിന്നും നിലാവിനാൽ വെള്ളിയലുക്കിട്ടു
തെന്നലുലക്കുന്ന പത്രങ്ങളാൽ

1. ആരാണ് താളം പിടിച്ച് തല കുലുക്കിയത് ?
2. എന്തുകൊണ്ടാണ് വെള്ളിയലുക്കിട്ടത് ?
3. ഏത് ഖണ്ഡകാവ്യത്തിലെ വരികളാണിവ ?
4. ഇതെഴുതിയ കവി ആര് ?

24. ദാന്തഭഗിനിയുടെ കാന്തിനദിയിൽ മുങ്ങി
നീന്തുവതിനുഴറീ മിഴി രണ്ടും.

1. ആരാണ് ദാന്തഭഗിനി ?
2. ആരുടെ മിഴികളാണ് നീന്താൻ ഉഴറിയത് ?
3. ഏതു പദ്യത്തിലെ വരികളാണിവ ?
4. ഈ പദ്യം എഴുതിയ കവി ആര് ?

VI. പദ്യഭാഗം പൂരിപ്പിക്കുക.

25. കാൽകൽ പിമ്പോട്ടു..........ഭഗവാനു ഭക്ഷിപ്പാനായ്. 1x8=8

**അല്ലെങ്കിൽ**

26. എൻ മടിത്തട്ടിലിരുന്നു.........മെയ്കൾ സഞ്ചരിപ്പൂ.

VII. 27. രണ്ടെണ്ണത്തിന്റെ ലക്ഷണവും ഉദാഹരണവും എഴുതുക. 2x3=6

(i) കേക (ii) രഥോദ്ധത

(iii) മന്ദാക്രാന്ത (iv) കളകാഞ്ചി

28. രണ്ടെണ്ണത്തിന്റെ ലക്ഷണവും ഉദാഹരണവും എഴുതുക. 2x3=6

(i) വിരോധാഭാസം (ii) ഉല്ലേഖം

(iii) യമകം (iv) ദീപകം

VIII. 29. യോജിച്ചവ ചേർത്തെഴുതുക. 1x4=4

| | | |
|---|---|---|
| (i) നളദൗത്യം | - | ബാലാമണിയമ്മ |
| (ii) മുത്തശ്ശി | - | എൻ. എൻ. കക്കാട് |
| (iii) എന്റെ മൂന്നു വീടുകൾ | - | വള്ളത്തോൾ |
| (iv) സഫലമീയാത്ര | - | എൻ. വി. കൃഷ്ണവാര്യർ |
| | - | ഉണ്ണായിവാര്യർ |

IX. ശരിയായ ഉത്തരം എടുത്തെഴുതുക.

30. ആരെയാണ് മദ്ധ്യാഹ്നമാർത്താണ്ഡ തേജസ്വരൂപികൾ എന്ന് പറഞ്ഞിരിക്കുന്നത്? 8x1=8

(a) വാത്മീകിയേ (b) സപ്തർഷികളെ (c) രാമലക്ഷ്മണന്മാരെ

31. എന്തോർത്തിട്ടാണ് ദമയന്തി ദൂതനോട് എല്ലാ സത്യവും പറഞ്ഞത് ?

(a) പതിസമനെന്നോർത്തിട്ട്

(b) അമർത്യനെന്നോർത്തിട്ട്

(c) അമരേന്ദ്ര ദൂതനെന്നോർത്തിട്ട്

32. വള്ളത്തോൾ രചിച്ച മഹാകാവ്യം:

(a) ബധിരവിലാപം (b) ഗണപതി (c) ചിത്രയോഗം

33. പിച്ചവയ്ക്കുന്ന കുഞ്ഞിന്റെ പാദത്തിനു മുന്നിലുള്ള എന്താണ് മുത്തശ്ശിയെ നോവിക്കുന്നത് ?

(a) മണ്ണ് (b) കളിക്കോപ്പുകൾ (c) ചരൽക്കല്ല്

34. ഓണത്തിന്റെ വരവിൽ ആരാണ് ഉണർന്നു ചിരിക്കുന്നത് ?
   (a) പൂവുകൾ (b) നിലാവൊളി (c) തേജോരൂപം

35. കവിയുടെ കുട്ടികൾ ഏത് വീട്ടിലാണ് ജനിച്ചത് ?
   (a) ഒന്നാമത്തെ വീട്ടിൽ
   (b) രണ്ടാമത്തെ വീട്ടിൽ
   (c) മൂന്നാമത്തെ വീട്ടിൽ

36. 'കുഞ്ഞേ നീയും ചത്തിരുന്നെങ്കിൽ' എന്ന് ആരാണ് പറഞ്ഞത് ?
   (a) ചത്തൊരാമരം (b) പപ്പാൻ (c) നരനരനാമെജമാനൻ

37. ആതിര വരുന്നത് ഏത് മാസത്തിലാണ് ?
   (a) ധനുമാസം (b) മകരമാസം (c) കുംഭമാസം

X. **ഒറ്റവാക്കിൽ ഉത്തരമെഴുതുക:** 1x8=8

38. പത്തിരികൂട്ടി മണവാട്ടി നുണയുമ്പോൾ എന്താണ് പാടുന്നത് ?

39. എന്താണ് പുലരിയിൽ വഴിവക്കിൽ മലപോലെ കിടന്നത് ?

40. ഇടക്കിടക്ക് കൊമ്പൻ ഓടിപ്പോകുന്നത് എന്തുകൊണ്ട് ?

41. കവിയുടെ ഒന്നാമത്തെ വീട്ടിൽ എവിടെയാണ് കൂവളവും തുളസിയും മണക്കുന്നത്?

42. 'മുത്തശ്ശി' എന്ന കവിതയിൽ എന്തിനെയാണ് രുദ്രാക്ഷമാലയായിട്ട് സാദൃശ്യപ്പെടുത്തിയത് ?

43. ആരാണ് പച്ചവെള്ളത്തെ മുന്തിരിച്ചാറാക്കിയത് ?

44. കവി ആരെയാണ് അശ്വസഖന്മാർ എന്ന് പറഞ്ഞിരിക്കുന്നത് ?

45. ദേവന്മാരിൽ ഒരാളുടെ ഭാര്യ ആയാൽ ദമയന്തിക്ക് എന്ത് പാനം ചെയ്യാമെന്നാണ് നളൻ പറയുന്നത് ?

-o0o-